**തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർ പേഴ്സണും ജില്ലാ മജിസ്ട്രേറ്റും കൂടിയായ ജില്ലാ കളക്ടറുടെ നടപടിക്രമം**

*(ഹാജർ - ഷാനവാസ്. എസ്, IAS)*

വിഷയം: കോവിഡ് -19 രോഗവ്യാപന പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതിലേക്കായി ക്ളസ്റ്റർ സെക്ടറൽ മജിസ്ട്രേറ്റ് &കോവിഡ് സെന്റിനൽസുമാരെ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം: 01 :സർക്കാർ ഉത്തരവ് (സാധ) നമ്പർ 768/2020/ഡി എം ഡി തീയതി: 29.09.2020.

02: സർക്കാർ ഉത്തരവ് (സാധാ) നം.774/2020/ഡിഎംഡി തീയതി: 01.10.2020.

03: 2005 ലെ ദുരന്ത നിവാരണ നിയമം സെക്ഷൻ 26 (02), 30,33,34 എന്നിവയും ബന്ധപ്പെട്ട വകുപ്പുകളും.

04: ഈ കാര്യാലയത്തിൽ നിന്നുള്ള 10.04.2021 ലെ ഇതേ നമ്പർ നടപടിക്രമം.

**ഉത്തരവ് നമ്പർ - DCTSR/ 14476/2019-H4 തിയതി.15.04.2021**

കൊറോണ വൈറസ് ബാധ (കോവിഡ് 19) ലോകവ്യാപകമായി അതിവേഗം പടരുന്ന ഒരു മഹാമാരിയായി തീർന്നിരിക്കുകയാണ്.കേന്ദ്ര സർക്കാർ കോവിഡ്-19 നെ അംഗീകൃത ദുരന്തങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി പ്രതിരോധ പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. കോവിഡ്-19 രോഗബാധയുടെ രണ്ടാം തരംഗം സംസ്ഥാനത്ത് പ്രകടമായി തുടങ്ങിയിട്ടുള്ള സാഹചര്യത്തിൽ കേരള സർക്കാർ അതീവ ജാഗ്രതയിലാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിരിക്കുന്നത്. സംസ്ഥാനത്ത് കോവിഡ് -19 രോഗബാധ പടരുന്നത് തടയേണ്ടതിലേയ്ക്ക് സൂചന 1,2 എന്നിവയുടെ അടിസ്ഥാനത്തിൽ നേരത്തെ പരാമർശം 04 പ്രകാരം ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും സെക്ടറൽ മജിസ്ട്രേറ്റ് & കോവിഡ് സെൻറിനൽസിനെ നിയമിച്ചുത്തരവായിട്ടുള്ളതാണ്. എന്നാൽ ജില്ലയിലെ ചില ഗ്രാമപഞ്ചായത്തുകളിൽ വൈറസ് രോഗബാധ കൂടുതൽ രൂക്ഷതയോടെ വ്യാപിക്കുന്നത് കണക്കിലെടുത്ത് പ്രസ്തുത പ്രദേശങ്ങളിൽ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതിലേയ്ക്ക് ,ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനും ജില്ലാ മജിസ്ട്രേറ്റും, ജില്ലാ കളക്ടറുമായ എസ് ഷാനവാസ്, ഐ എ എസ് എന്ന ഞാൻ എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് താഴെ പട്ടികയിൽ പറയും പ്രകാരം ഉദ്യോഗസ്ഥരെ ക്ളസ്റ്റർ സെക്ടറൽ മജിസ്ട്രേറ്റ് &കോവിഡ് സെന്റിനൽസായി നിയമിച്ച് ഉത്തരവാകുന്നു.

| sl. No | Name | Designation | Mob.No | Taluk |
|---|---|---|---|---|
| 01 | BABU ANTONY, | PE TEACHER,MEHMAL HSS,IRINJALAKUDA | 9446439496 | Mukundapuram |
| 02 | ALDRINE JAMES.C | PT TEACHER LBS MHS AVITTATHUR | 7034115364 | Mukundapuram |
| 03 | RINESH RAMAKRISHNAN | PE TEACHER,HSS PANANGADU | 8943091860 | Kodungallur |
| 04 | SAJITH.AR | PE TEACHER ST.JOSEPH HS,MATHILAKAM | 9048783547 | Kodungallur |
| 05 | SONY.KV | PE TEACHER CMSHS THRISSUR | 9495855796 | Thrissur |
| 06 | KR .SUDHEER | PE TEACHER CNN BOYS CHERPU | 9400623189 | Thrissur |
| 07 | JOBY JOSE | PE TEACHER ST.JOSEPH HSS PAVARATTY | 9447832191 | Chavakkad |
| 08 | SAJITH THATTIL | PE TEACHER ST.JOSEPH HSS PAVARATTY | 9895035429 | Chavakkad |
| 09 | JOJI .M VARGHESE | PE TEACHER ST.SEBASTIANS HS KUTTIKKAD | 8907000700 | Chalakudy |
| 10 | RICHARD JOSEPH | PE TEACHER ST.GEORGE HS PARIYARAM | 9272102483 | Chalakudy |
| 11 | MANOJAN | PE TEACHER,GHS ERUMAPETTY | 9449201657 | Kunnamkulam |
| 12 | MUHAMMED HANEEFA | PE TEACHER, GHS ERUMAPETTY | 9447253355 | Kunnamkulam |
| 13 | RATHEESHKUMAR .KR | UPST,GVHS THIRUVILVAMALA | 9645809359 | Thalappilly |
| 14 | SAJAN | UPSA,GHS PAANJHAL | 9495850971 | Thalappilly |

മേൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥർ അവരവർക്ക നിശ്ചയിച്ചിട്ടുള്ള താലൂക്കിന്റെ നോഡൽ ഓഫീസർ/അസി.നോഡൽ ഓഫീസർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിലെ ആളുകളും സ്ഥാപനങ്ങളും മറ്റും കോവിഡ് 19 പ്രോട്ടോകോൾ പാലിക്കുന്നുണ്ടോ എന്നുറപ്പുവരുത്തേണ്ടതും ഇല്ലാത്തപക്ഷം മജിസ്റ്റീരിയൽ ഉത്തരവുകൾ നൽകി നടപടി സ്വീകരിക്കേണ്ടതുമാണ്.

ജില്ലാതലത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ (KIFBI) ജയന്തി. സി. ആർ (9745844675) എന്നവരേയും അസിസ്റ്റൻറ് നോഡൽ ആഫീസറായി കളക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ട് (എച്ച് സെക്ഷൻ) ജെയിംസ് എ.ഐ (മൊബൈൽ: 9846142576) യെയും താലൂക്ക് തല ഏകോപനത്തിനായി താലൂക്ക് നോഡൽ ആഫീസർമാരായി ബന്ധപ്പെട്ട താലൂക്ക് തഹസിൽദാർമാരെയും അസിസ്റ്റൻറ് നോഡൽ ആഫീസർമാരായി ബന്ധപ്പെട്ട താലൂക്ക് ഡിസാസ്റ്റർ മാനേജ്മെൻറ് ഡെപ്യൂട്ടി തഹസിൽദാർമാരെയും നിയമിച്ചിട്ടുള്ളതാണ്.

ബന്ധപ്പെട്ട താലൂക്ക് നോഡൽ ഓഫീസർമാർ,പോലീസ് സ്റ്റേഷൻ ഹൌസ് ആഫീസർമാർ എന്നിവർ ക്ലസ്റ്റർ സെക്ടറൽ മജിസ്റ്റേറ്റ് & കോവിഡ് സെൻറിനൽസിനെ സഹായിക്കുന്നതിനായി ഓരോ ഉദ്യോഗസ്ഥരെ വീതം ആവശ്യാനുസരണം വിട്ടുനൽകേണ്ടതാണ്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി താലൂക്ക്നോഡൽ ഓഫീസുകളിലേക്ക് ഏറ്റെടുത്തിട്ടുള്ള വാഹനങ്ങൾ ടി സെക്ടറൽ മജിസ്റ്റേറ്റുമാർക്ക് കൂടി ഉപയുക്തമാക്കാവുന്നതും, ആവശ്യമെങ്കിൽ മറ്റൊരു സ്വകാര്യ വാഹനവും കൂടി ഏറ്റെടുത്ത് ഉപയോഗിക്കാവുന്നതുമാണ്. ബന്ധപ്പെട്ട വാഹനങ്ങൾക്കുള്ള ഇന്ധനം ലഭ്യമാക്കുവാൻ താലൂക്ക് സപ്ലൈ ആഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത സെക്ടറൽ മജിസ്റ്റേറ്റുമാർക്കുള്ള തിരിച്ചറിയൽ കാർഡ് ബന്ധപ്പെട്ട് താലൂക്ക് നോഡൽ ഓഫീസിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

*മേൽ ഉത്തരവുകൾ ലംഘിക്കുന്നവർക്കെതിരെ 1897 ലെ പകർച്ചവ്യാധി നിയന്ത്രണ നിയമം അനുസരിച്ചും 1875 ലെ പൊതുജനാരോഗ്യ നിയമപ്രകാരവും 2005 ലെ ദുരന്ത നിവാരണ നിയമപ്രകാരവും നിയമനടപടികൾ സ്വീകരിക്കുന്നതാണ്.*

***(2021 ഏപ്രിൽ 15-ാം തിയതി എന്റെ കൈയ്യൊപ്പോടു കൂടി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു )***

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ ,
ജില്ലാ മജിസ്റ്റേറ്റ് & ജില്ലാ കളക്ടർ, തൃശ്ശൂർ

സ്വീകർത്താവ്,

ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും

പകർപ്പ്:

1.മേയർ, തൃശ്ശൂർ കോർപ്പറേഷൻ
2.ജില്ലയിലെ എല്ലാ എം.എൽ. എ മാർക്കും
3.പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് തൃശ്ശൂർ
4.ജില്ലാ പോലീസ് മേധാവി തൃശ്ശൂർ റൂറൽ / തൃശ്ശൂർ സിറ്റി
5.ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശ്ശൂർ
6. എല്ലാ താലൂക്ക് തഹസിൽദാർമാർക്കും
7.ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് തൃശ്ശൂർ
8. ഡെപ്യൂട്ടി കളക്ടർ ഡിസാസ്റ്റർ മാനേജ്മെൻറ്
9.അഡീഷണൽ ജില്ലാ മജിസ്റ്റേറ്റിൻെറ സി എ യ്ക്ക്
10.സെക്രട്ടറി തൃശ്ശൂർ കോർപ്പറേഷൻ
11.എല്ലാ താലൂക്ക് സപ്ളൈ ഓഫീസർമാർക്കും

12. എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും
13. ജില്ലാ ഇൻഫർമേഷൻ ആഫിസർ തൃശ്ശൂർ (മേൽ വിഷയം സംബന്ധിച്ച് മാധ്യമങ്ങളിൽ പ്രസിദ്ധികരിക്കുന്നതിനായി )
14. ജില്ലാ ഇൻഫർമേറ്റിക്സ് ആഫീസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
15. സി1 സെക്ഷൻ ക്ലർക്കിന് സെക്ടറൽ മജിസ്റ്റീരിയൽ അംഗീകാരത്തിനായി അയക്കേണ്ടതിലേയ്ക്ക്
16. കെ 6 സീറ്റ്